പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: T*266 15/12/2015 - ൽ മറുപടിയ്ക്ക്

**സ്കൂളുകളിലെ ആരോഗ്യ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, കെ.അച്ചുതൻ<br>,, ബെന്നി ബെഹനാൻ<br>,, കെ.ശിവദാസൻ നായർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിന് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, സ്വച്ഛ് വിദ്യാലയ പദ്ധതി, സൗഹൃദ ക്ലബ്ബുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. അതോടൊപ്പം ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളുടേയും സംയുക്ത സംരംഭമായി വിദ്യാലയ ആരോഗ്യ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) 1. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളും, ഫർണ്ണീച്ചറുകളും മറ്റും വൃത്തിയും വെടിപ്പുമുള്ളതാക്കുക<br>2.വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരിസര പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വൃത്തിയും വെടിപ്പുമുള്ളതാക്കുക. പരമാവധി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സുരക്ഷിതമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുക.<br>3.വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളിലേയും, ശുചിമുറികളിലേയും ചുമരുകളിൽ ചായം പൂശുക<br>4. മതിയായ ശുചി മുറികൾ നിർമ്മിക്കുക, മലിന ജലം കെട്ടിക്കിടക്കാതിരിക്കാൻ വേണ്ട സംവിധാനങ്ങൾ നടപ്പാക്കുക. പച്ചക്കറി തോട്ടം/പൂന്തോട്ടം നിർമ്മിക്കുക. |

5.കുടിവെള്ള സംവിധാനം കാര്യക്ഷമമാക്കുക, കിണറുകളും കുടിവെള്ള ടാങ്കുകളും വൃത്തിയാക്കുക, പൊട്ടിയ ടാപ്പുകൾ നന്നാക്കുക തുടങ്ങിയവ.

6. പ്ലാസ്റ്റിക് കവറുകൾ നിക്ഷേപിക്കുന്നതിനും, നശിപ്പിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുക. മറ്റ് ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നശിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ നടപ്പാക്കുക.

7. ഉച്ച ഭക്ഷണം തയ്യാറാക്കുന്ന അടുക്കള, പാത്രങ്ങൾ, പരിസരം എന്നിവ വൃത്തിയും വെടിപ്പുമുള്ളതാക്കുക.

8. മദ്യത്തിന്റേയും മയക്കുമരുന്നുകളുടേയും ഉപയോഗം മൂലമുള്ള ദൂഷ്യ വശങ്ങൾ, പരിസര ശുചീകരണത്തിന്റെ പ്രാധാന്യം എന്നിവ പ്രചരിപ്പിക്കുന്നതിനായി പ്ലക്കാർഡുകളും മറ്റും ഉൾപ്പെടുത്തി റാലികൾ സംഘടിപ്പിക്കുക. വിദഗ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മറ്റ് പൊതു ജനങ്ങൾക്കുമായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക

9. ശാരീരിക മാനസിക സാമൂഹ്യാരോഗ്യം മെച്ചപ്പെടുത്തുക

10. വിവിധങ്ങളായ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വഴി തങ്ങളുടെ ആരോഗ്യം കാത്ത് സൂക്ഷിച്ച് വെച്ച് മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുന്നതിനും ഇതുവഴി ആരോഗ്യ സംബന്ധമായ കാര്യങ്ങളിൽ ബുദ്ധി പൂർവ്വമായ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തരാക്കുക.

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) ജന പ്രധിനിധികൾ, തദ്ദേശ സ്ഥാപനങ്ങൾ, പ്രമുഖ വ്യക്തിത്വങ്ങൾ, സന്നദ്ധ സംഘടനകൾ, അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ,എൻ.സി.സി,എൻ.എസ്. എസ്, സ്കൗട്ട്സ് &ഗൈഡ്സ് ഇവ വഴി

വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർസെക്കന്ററി വകുപ്പിൽ 1202 സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ ആരോഗ്യ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി പ്രത്യേകം നിയോഗിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നഴ്സ്മാർക്കും അതോടൊപ്പം ആരോഗ്യ വകുപ്പിലെ ജെ.എച്ച്.ഐ, അദ്ധ്യാപകർ, പ്രധാനാദ്ധ്യാപകർ എന്നിവർക്ക് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനെ സംബന്ധിച്ച ട്രെയിനിംഗ് നൽകിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഹെൽത്ത് റെക്കോർഡുകൾ, ഹെൽത്ത് രജിസ്റ്ററുകൾ, ആരോഗ്യ വിദ്യാഭ്യാസ പോസ്റ്ററുകൾ, വൈദ്യ പരിശോധനയ്ക്കായി പരിശോധനാകിറ്റുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ